ഒരു ആര്യസമാജം പ്രസിദ്ധീകരണം | RNI NO. KERMAL /2013/53849
Date of Publication 10/05/2014 | REGISTERED NO. OTTAPALAM/5/2014-16

**വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാവുക!**
ദയാനന്ദ സന്ദേശം വൈദിക മാസിക

## ദയാനന്ദ സന്ദേശം വൈദിക മാസിക

**സത്യ – സനാതന – വൈദികധർമ്മ സന്ദേശം!**
**അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ**
**വൈദിക സിംഹഗർജ്ജനം!**
**ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!**

**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം**
**വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**
**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*

**ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.**

**DAYANANDA SANDESAM**
**Bank Account No: 4264000100072426, IFSC Code : PUNB 0426400**
**Punjab National Bank- Cherpalcheri Branch**

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com Phone: 09562529095*



ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**




ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 1 ലക്കം 11

വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 5116 വൈശാഖം – ജ്യേഷ്ഠം
1189 മേടം – എടവം 2014 മെയ്

വാർഷിക വരിസംഖ്യ: ₹ 60/- ദീർഘകാലം: ₹ 1000/-



## വീർസാവർക്കർ (1883-1966)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| മെയ് 7 | – | സി.വി.രാമൻ ജന്മദിനം<br>രവീന്ദ്രനാഥടാഗോർ ജന്മദിനം |
| മെയ് 9 | – | മഹാറാണാ പ്രതാപ് ജയന്തി |
| മെയ് 11,13 | – | പൊഖ്റാൻ അണുപരീക്ഷണ വാർഷികം (ഓപ്പറേഷൻ ശക്തി) |
| മെയ് 28 | – | വീർസാവർക്കർ ജയന്തി |

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം!"

# വേദാദ്ധ്യയനം



ഋഷിഃ മധുച്ഛന്ദാഃ ദേവതാ ഇന്ദ്രഃ ഛന്ദഃ ഗായത്രി ഷഡ്ജ സ്വരഃ

**ഇന്ദ്രായാഹി തൂതുജാന ഉപ ബ്രഹ്മാണി ഹരിവഃ | സുതേ ദധിഷ്വ നശ്ചനഃ ||**

*(ഋഗ്വേദം 1.3.6)*

**പദാർത്ഥം:** (ഹരിവഃ) ആരാണോ വേദാദിഗുണയുക്തനും (തൂതുജാനഃ) ശീഘ്ര ഗതിയിൽ ചലിക്കുന്നവനും (ഇന്ദ്ര) ഭൗതിക വായുവുമായിരിക്കുന്നത് അദ്ദേഹത്തേ (സുതേ) പ്രത്യക്ഷ ഉത്പന്നവാണിയുടെ വ്യവഹാരത്താൽ (നഃ) ഞങ്ങൾക്കായി (ബ്രഹ്മാണി) വേദങ്ങളിലെ സ്തുതികളാൽ (ആയാഹി) നല്ല പ്രകാരത്തിൽ പ്രാപിക്കുമാറാകട്ടെ. അതോടൊപ്പം അദ്ദേഹം (നഃ) ഞങ്ങൾക്ക് (ചനഃ) അന്നാദി വ്യവഹാരത്താൽ (ദധിഷ്വ) ധാരണം നടത്തുകയും ചെയ്യുന്നു.

**ഭാവാർത്ഥം:** ശരീരസ്ഥനായ പ്രാണൻ അത് വിവിധ ക്രിയകളുടെ നിമിത്തമായി ഭക്ഷണം കഴിക്കുക, കുടിക്കുക, പാചകം ചെയ്യുക, ഉൾക്കൊള്ളുക. പുറത്തേക്കു തള്ളിക്കളയുക തുടങ്ങിയ ക്രിയകളാൽ കർമ്മങ്ങളെ ചെയ്യിപ്പിച്ച് ശരീരത്തിലെ രക്തം തുടങ്ങിയ ധാതുക്കളുടെ പുഷ്ടിയുടേയും നാശത്തിന്റെയും ഹേതുവായി തീരുന്നു.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ.എം. രാജൻ)*

## ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

*(മുൻലക്കത്തിന്റെ തുടർച്ച)*

7. എല്ലാവരോടും പ്രീതിപൂർവ്വം ധർമ്മാനുസാരം യഥായോഗ്യമായി പെരുമാറണം.
8. അവിദ്യയേ അകറ്റുകയും വിദ്യയേ അഭിവൃദ്ധിപ്പെടുത്തുകയും വേണം.
9. ഓരോരുത്തരും അവരവരുടെ ഉന്നതിയിൽ സന്തുഷ്ടരാകാതെ എല്ലാവരുടെയും ഉന്നതിയിലാണ് സ്വന്തം ഉന്നതിയെന്ന് കരുതുകയും വേണം.
10. എല്ലാ മനുഷ്യരും സമാജത്തിന്റെ സർവ്വഹിതകാരിയായ നിയമങ്ങൾ പാലിക്കുന്നതിൽ പരതന്ത്രരും വ്യക്തി നിയമങ്ങൾ പാലിക്കുന്നതിൽ സ്വതന്ത്രരുമാണ്.

***'സത്യമേവ ജയതേ നാനൃതം (മുണ്ഡകോപനിഷത്ത് 3.2.4)'***
***സത്യത്തിന് മാത്രമേ വിജയമുണ്ടാകൂ***





സംസാരബന്ധനത്തിൽ നിർത്തുവാൻ കർഷൻജി അതിയായി ആഗ്രഹിച്ചു. എന്നാൽ ഇത് സാക്ഷാത്കരിക്കുക കഠിനമാണ്. യോഗമാർഗ്ഗത്തിൽ ബഹുദൂരം സഞ്ചരിച്ചു കഴിഞ്ഞിരുന്ന ശുദ്ധചൈതന്യന് ലൗകിക ജീവിതത്തോട് അശേഷം താത്പര്യമുണ്ടായിരുന്നില്ല. ഒരവസരം പാർത്തിരുന്ന ശുദ്ധചൈതന്യൻ ഒരു രാത്രിയിൽ ആരുമറിയാതെ ഒരു വെള്ള പാത്രവുമായി വീണ്ടും രക്ഷപ്പെട്ടു. ആരെങ്കിലും കണ്ടെത്തി പിടികൂടിയാൽ ശൗചത്തിനു പോവുകയാണെന്നു വരുത്തിതീർക്കാനണദ്ദേഹം ജലപാത്രം കൊണ്ടുപോയത്. ഇത് മൂൽശങ്കറിന്റെ (ശുദ്ധചൈതന്യൻ) അവസാനത്തേ യാത്രപറയലായിരുന്നു. പിന്നീടൊരിക്കലും അദ്ദേഹം സ്വന്തം വീട്ടിലേക്ക് മടങ്ങിയില്ല.

***(തുടരും)***



*(മുൻ ലക്കത്തിന്റെ തുടർച്ച)*

## വൈദിക ധർമ്മ പ്രശ്നോത്തരി

*ജാതവേദൻ*

26. യജ്ഞത്തിന്റെ അർത്ഥമെന്താണ് ? - ജ്ഞാനം, വിജ്ഞാനം, പരോപകാരം
27. യജ്ഞത്തിൽ നെയ്യും സാമഗ്രികളും അർപ്പിക്കുന്നതെന്തിന് ? - ഇത് കൂടുതൽ വർദ്ധിച്ച് അന്തരീക്ഷത്തിൽ വ്യാപിച്ച് ഏവർക്കും ഗുണങ്ങളുണ്ടാക്കുന്നു
28. യജ്ഞത്തിന്റെ പ്രമുഖ ഗുണം? - ആരോഗ്യ സംരക്ഷണം
29. യജ്ഞത്തിന്റെ ഭാവം? - പരോപകാരം
30. യജ്ഞത്തിലർപ്പിക്കുന്ന നുറുങ്ങിന് പറയുന്നപേര്? - സമിധ
31. യജ്ഞത്തിൽ മന്ത്രം ചൊല്ലുന്നതെന്തിന്? - ഈശ്വരസ്മരണയ്ക്ക്. വേദസംരക്ഷണത്തിനും മാനസിക ബലമുണ്ടാക്കുന്നതിനും.
32. യജ്ഞത്തിൽ നിന്നുണ്ടാകുന്ന രോഗനാശക ഗ്യാസ് ഏത് ? - ഫാർമേൽഡിഹൈഡ്
33. ഭൂതങ്ങൾ (ഉപദ്രവകാരികളായ അമാനുഷിക ജീവികൾ) ഉണ്ടോ ? - ഒരിക്കലുമില്ല
34. എന്തിനെയാണ് ഭൂതം എന്നു പറയുന്നത് ? - കഴിഞ്ഞുപോയതിനെ
35. പിശാച് എന്നു പറയുന്നത് ആരെയാണ് ? - ദുഷ്ടനായ മനുഷ്യനെ

***(തുടരും)***

***മിത്രസ്യാഹം ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷേ (യജുർവ്വേദം 36.18)***
***ഞാൻ എല്ലാ പ്രാണികളേയും മിത്രഭാവേന കാണട്ടെ***

അർത്ഥമറിയേണ്ടതുണ്ട്.

ബ്രാഹ്മണോസ്യ മുഖമാസീദ് ബാഹു രാജന്യഃ കൃതഃ |

ഊരു തദസ്യ യദ്വൈശ്യഃ പദ്ഭ്യാം ശൂദ്രോ അജായത ||

(ഋഗ്വേദം 10.90.12)

പുരുഷസൂക്തത്തിലെ 'സഹസ്രശീർഷ' എന്ന പദം ബഹുവ്രീഹി സമാസമാണ്. തത്പുരുഷ സമാസമല്ല. അതേപോലെ 'ഗംഗാഘോഷഃ' എന്നതിന്റെ അർത്ഥം ലക്ഷണമനുസരിച്ച് കണ്ടെത്തണം. ഈ പ്രകാരത്തിലുള്ള പദ്ധതിയനുസരിച്ച് മുകളിൽ കൊടുത്ത വാക്യത്തിന്റെ അർത്ഥം കാണണം.

*(തുടരും)*

---

*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർ ദളം - ബാലപംക്തി** **ആര്യവീരഗാഥ - 1**

## മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*

# സിദ്ധപ്പൂരിലെ മേള



കാർത്തിക മാസത്തിൽ സിദ്ധപ്പൂരിൽ ഒരു മഹാമേള നടക്കാറുണ്ട്. വിവിധ സമ്പ്രദായങ്ങളിൽ പെട്ട സന്യാസിമാരും യോഗികളും അവിടെ ഒത്തുചേരാറുണ്ട്. സാധാരണക്കാരായ ജനങ്ങളും വിവിധമനോരഥങ്ങളുമായി ധാരാളം അവിടെ എത്താറുണ്ട്. ശുദ്ധചൈതന്യനും തന്റെ സത്യാന്വേഷണയാത്രയിൽ അവിടെ എത്തിചേർന്നു. പണ്ഡിതരായ സന്യാസിമാരുമായി അദ്ദേഹം ശ്രദ്ധാപൂർവ്വം ധാർമ്മിക ചർച്ചകൾ നടത്തി. ഒരു നാൾ പ്രാതഃകാലത്ത് അദ്ദേഹം സന്യാസിഗണങ്ങൾക്കൊപ്പം നീലകണ്ഠക്ഷേത്രത്തിൽ ഇരിക്കുമ്പോൾ പെട്ടെന്ന് അദ്ദേഹത്തിന്റെ പിതാവ് ഏതാനും അനുചരൻമാരുമൊത്ത് അവിടെയെത്തി. അദ്ദേഹത്തെ പിടികൂടി. സിദ്ധപ്പൂരിലേക്ക് വരുന്ന സമയത്ത് ശുദ്ധചൈതന്യൻ തന്റെ മാതാപിതാക്കളെ അറിയുന്ന ഒരു സന്യാസിയേ കണ്ടിരുന്നു. അദ്ദേഹം വിവരം നൽതിയതിനനുസരിച്ചാണ് 'കർഷൻജി ലാൽജി തീവാരി' മകനെ കണ്ടെത്താനായി സിദ്ധപ്പൂരിലെത്തിയത്. ധനവാനായ അദ്ദേഹം തന്റെ പുത്രൻ കാഷായവേഷവും കമണ്ഡലുമായിരിക്കുന്നത് കണ്ട് അതിയായി കോപിച്ചു. ശുദ്ധചൈതന്യന്റെ വസ്ത്രവും കമണ്ഡലുവും അദ്ദേഹം വലിച്ചെറിഞ്ഞു.

ശുദ്ധചൈതന്യന് പിതാവിന്റെ കൂടെ പോകേണ്ടിവന്നു. തന്റെ പുത്രനെ

*നാസ്തികോ വേദനിന്ദകഃ (മനുസ്മൃതി 2.11)*
*വേദങ്ങളെ നിന്ദിക്കുന്നവർ - വേദവിരുദ്ധാചരണങ്ങൾ നടത്തുന്നവർ നാസ്തികരാണ്.*






# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

**പുസ്തകം : 1** **ലക്കം 11**

**വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 5116 വൈശാഖം - ജ്യേഷ്ഠം**
**1189 മേടം - എടവം 2014 മെയ്**

**പത്രാധിപ സമിതി**

മുഖ്യപത്രാധിപർ: കെ. വേലായുധ ആര്യ

പത്രാധിപർ : കെ.എം. രാജൻ

**ഉപദേശക സമിതി**

ടി. ആർ. ബാലചന്ദ്രൻ നായർ

ആചാര്യ എസ്. ശ്രീധര ശർമ്മ

വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ധർമ്മപാഠങ്ങൾ | : | 6 |
| ഋഗ്വേദപരിചയം | : | 9 |
| സംശയനിവാരിണി | : | 10 |
| ജീവിതം ഒരലയാഴി | : | 12 |
| ഉപദേശ മഞ്ജരി | : | 13 |
| മഹർഷി ദയാനന്ദ സരസ്വതി | : | 14 |
| വൈദിക പ്രശ്നോത്തരി | : | 15 |



**വിലാസം : ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് - 679 504**
**Ph: 09562529095,**
**Email:dayanandasandesam@gmail.com**
**Visit us : www.thearyasmaj.org/vellinezhi**


## മുഖവാണി

## ആര്യസമാജത്തിന്റെ മുഖ്യതത്ത്വങ്ങൾ



**ആ**ര്യൻ എന്നാൽ ശ്രേഷ്ഠൻ, ധാർമ്മികൻ, സദാചാരനിഷ്ഠയുള്ളവൻ, ചുമതലാ ബോധമുള്ളവൻ എന്നെല്ലാമാണർത്ഥം. ഏതു ദേശത്തുള്ളവർക്കും വിഭാഗങ്ങളിൽപ്പെട്ടവർക്കും ആര്യൻമാരാകാൻ സാധിക്കും. അത്തരം വിശിഷ്ട വ്യക്തികളുടെ സമൂഹമാണ് ആര്യസമാജം. ചതുർവ്വേദങ്ങളുടെ അടിസ്ഥാനത്തിൽ മഹർഷി ദയാനന്ദ സരസ്വതി ചിട്ടപ്പെടുത്തിയ 10 നിയമങ്ങളാണ് ആര്യസമാജത്തിന്റെ മുഖ്യതത്ത്വങ്ങൾ. വേദവിരുദ്ധമായ നാസ്തികവാദവും, അനാചാരങ്ങളും അന്ധവിശ്വാസങ്ങളും മുഖ്യപ്രമേയമായി പ്രചരപ്പിക്കുന്ന കപടപുരാണങ്ങളേയും, ഏകേശ്വരവാദം പറയുന്നതോടൊപ്പം ഈശ്വരീയ സൃഷ്ടിനിയമങ്ങൾക്ക് വിരുദ്ധമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന

*സ ഹി സർവ്വവിത് സർവ്വകർത്താ ഈദൃശേശ്വരസിദ്ധിഃ സിദ്ധാ (സാംഖ്യദർശനം 3.56,57)*
*ആ പരമാത്മാവ് സർവ്വാന്തര്യമിയും സകലജഗത്തിന്റെയും കർത്താവുമാണ്.*
*ഇപ്രകാരം ഈശ്വരസിദ്ധി ഉറപ്പാണ്.*

ദർശനങ്ങളേയും മതഗ്രന്ഥങ്ങളേയും 'സത്യാർത്ഥ പ്രകാശ' മെന്ന അമരഗ്രന്ഥ ത്തിൽ ഋഷി ദയാനന്ദൻ ഖണ്ഡന-മണ്ഡനം ചെയ്തിട്ടുണ്ട്.

ഈശ്വരൻ, വേദങ്ങൾ എന്നീവിഷയങ്ങളിൽ ആര്യസമാജത്തിന്റെ വീക്ഷണം ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. ഈശ്വരൻ പ്രപഞ്ചത്തിന്റെ സ്രഷ്ട വാണ്. അദ്ദേഹം നിരാകാരനും ജനന - മരണങ്ങൾക്കാതീതനുമാണ്. സർവ്വ വ്യാപിയും നിർവ്വികാരനുമായ അദ്ദേഹത്തിന് രൂപം കൽപ്പിച്ച് അഭിഷേകവും ആവാഹനവും നൈവേദ്യങ്ങളും അർപ്പിക്കുന്നത് വ്യർത്ഥമാണെന്ന് ശങ്കരാചാ ര്യസ്വാമികൾ തന്റെ പ്രശസ്തമായ 'പരാപൂജ' എന്ന സ്ത്രോത്രകൃതിയിൽ പറ യുന്നത് നോക്കൂ.

പൂർണ്ണസ്യാവാഹനം കുത്ര സർവ്വാധാരസ്യ ചാസനമ് |

സ്വച്ഛസ്യപാദ്യമാർഘ്യം ച ശുദ്ധസ്യാചമനം കുതഃ ||

**അർത്ഥം:** സർവ്വവ്യാപകനെ ആവാഹിച്ചു വരുത്തുന്നതെങ്ങിനെ? സർവ്വാധാ രനെ ആസനം (ഇരിപ്പിടം) കല്പിക്കുന്നതെങ്ങിനെ? സ്വച്ഛന് ആർഘ്യപാദ്യ ങ്ങൾ (നൈവേദ്യം തുടങ്ങിയവ) നൽകുന്നതെങ്ങിനെ? ശുദ്ധനായവന് ആച മനം എന്തിന് ?

ഇതു തന്നെയാണ് വൈദിക വീക്ഷണം (ആര്യസമാജത്തിന്റേയും). ഋഷി ദയാനന്ദൻ ഈശ്വരാരാധനാ വിഷയത്തേക്കുറിച്ചും വേദങ്ങളുടെ പ്രാമാണ്യ ത്തേക്കുറിച്ചും കാശിയിലേയും മറ്റും യാഥാസ്ഥിതിക പണ്ഡിതരുമായി ശാസ്ത്രാർത്ഥങ്ങൾ നടത്തി അവരെ പരാജയപ്പെടുത്തി വൈദികധർമ്മത്തിന് 19-ാം നൂറ്റാണ്ടിൽ പുനഃപ്രതിഷ്ഠ നൽകി. വേദപ്രാമാണ്യത്തെയും ഈശ്വരന്റെ സൃഷ്ടി നിയമങ്ങളേയും അംഗീകരിക്കാത്ത ബൗദ്ധ, ജൈന, താന്ത്രിക, പൗരാണിക, ഇസ്ലാം, ക്രൈസ്തവ ചിന്താധാരകൾക്കും സ്വാമി ദയാ നന്ദ സരസ്വതി എന്ന അജാതശത്രുവിനു മുന്നിൽ അടിയറവ് പറയേണ്ടിവന്നു. ആര്യസമാജത്തിന്റെ വൈദിക വീക്ഷണം സംക്ഷിപ്തമായി താഴെ കൊടുക്കുന്നു.

1. ഈശ്വരൻ, ജീവാത്മാവ്, പ്രകൃതി എന്നിവ മൂന്ന് അനാദിതത്ത്വങ്ങളാണ്. അദ്വൈതികളുടെ ജഗത്മിഥ്യാവാദത്തേ വൈദികപ്രാമാണ്യങ്ങളുടെ അടിസ്ഥാ നത്തിൽ തിരസ്കരിക്കുന്നു.

2. ചതുർവ്വേദങ്ങൾ, അവയ്ക്കനുകൂലമായ ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുക്കൾ, വിശുദ്ധമനുസ്മൃതി (മനുസ്മൃതിയിൽ പിൻകാലത്ത് കപട പണ്ഡിതർ കൂട്ടിച്ചേർത്ത പ്രക്ഷിപ്ത ഭാഗങ്ങളെ ഒഴിവാക്കിയുള്ള മൂല മനു സ്മൃതി), വാൽമീകി രാമായണം. വ്യാസനിർമ്മിതമായ മൂല മഹാഭാരതം

*മനുർഭവ ജനയാ ദൈവ്യം ജനം (ഋഗ്വേദം 10.53.6)*
*മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*
*തർജ്ജമ: കെ.എം. രാജൻ*

## നാലാം പ്രഭാഷണം (ധർമ്മാധർമ്മം)




**ചോദ്യം:** വ്യത്യസ്തമായ വർണ്ണങ്ങളെ താങ്കൾ അംഗീകരി ക്കുന്നില്ല. എങ്കിൽ വർണ്ണാശ്രമവ്യവസ്ഥ എങ്ങിനെ നട പ്പാക്കും? അതായത് ബ്രാഹ്മണനാര്? വൈശ്യനാര്? ക്ഷത്രി യനാര്? ശൂദ്രനാര്?

**ഉത്തരം:** ആശ്രമങ്ങൾ നാലാണ്. ബ്രഹ്മചര്യം, ഗൃഹസ്ഥാ ശ്രമം, വാനപ്രസ്ഥം, സന്യാസം എന്നിങ്ങനെ. സുസംഗതി (പഠിക്കാനും പണ്ഡിതരുമായി സമ്പർക്കത്തിൽ വരാ നും), അധ്യയനം എന്നിവ മനുഷ്യന് മാത്രമെ കഴിയൂ. ഏതെല്ലാം പ്രകാരത്തിലുള്ള ഏതേതു സംസ്കാരം- അതി നനുസരിച്ചുള്ള യോഗ്യത മനുഷ്യന് ലഭിക്കും. നമ്മുടെ ദേശത്ത് വലിയ ധർമ്മ സഭകൾ ഇല്ല. അതിനാൽ ആശ്രമവ്യവസ്ഥയും ഏതാനും പേരുടെ പക്കൽ മാത്രമായി തീർന്നിരിക്കുന്നു. തത്ഫലമായി ജീവിതവൃത്തി സുഗമമായി നട ത്തുന്നതിനു വേണ്ടുന്ന തൊഴിലാളികളും ലഭിക്കുന്നില്ല. സന്യാസിമാരുടെ (സാധുക്കളുടെ) കൂട്ടം എങ്ങും കാണുന്നു. ആധുനിക സമ്പ്രദായത്തിനനുകൂ ലമായി സന്യാസിയായി തീർന്നവരേ ഏതാശ്രമത്തിലാണ് പെടുത്തേണ്ടത്? എന്തെന്നാൽ ശാസ്ത്രീയ ആധാരം പരിത്യജിച്ച് ജനങ്ങൾ സ്വന്തം ഇഷ്ടപ്ര കാരം ജീവിക്കാൻ തുടങ്ങി. ഇതൊരു തരത്തിലുള്ള നിർബന്ധബുദ്ധിയാണ്. ശൂദ്രൻ, വൈശ്യൻ, ക്ഷത്രിയൻ, ബ്രാഹ്മണൻ എന്നീ വർണ്ണങ്ങൾ ഗുണകർമ്മ ങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു പ്രാചീന ആര്യൻമാർ കണക്കാക്കിയിരു ന്നത്. ജന്മനായുള്ള ബ്രാഹ്മണ്യത്തെ അവർ അംഗീകരിച്ചിരുന്നില്ല. ജാനശ്രു തിയും ജാബാലയും താഴ്ന്ന കുലത്തിൽ നിന്നും വന്നവരായിരുന്നു (ഛാന്ദോഗ്യ ഉപനിഷത്ത് 4.2.3 ൽ ജാനശ്രുതിയെ ശൂദ്രൻ എന്നു പറയുന്നു). ജാബാലയുടെ കഥ ഛന്ദോഗ്യ ഉപനിഷത്തിൽ 4.4.1-5 ൽ വിവരിക്കുന്നു. അദ്ദേ ഹത്തിന്റെ അമ്മ വിഭിചാരിണിയായിരുന്നുവെന്നും എന്നാൽ ഗുരുവിന്റെ അടു ക്കൽ വിദ്യ അഭ്യസിക്കാനെത്തിയ ജാബാല ഈ സത്യം തുറന്നു പറഞ്ഞു. ഇതു കേട്ടയുടനെ ഗുരു പറഞ്ഞു. "നീ സത്യം പറഞ്ഞു. നീ ബ്രാഹ്മണനാ കുന്നു എന്ന്" (ഛാന്ദോഗ്യം 4.4.4-5) അങ്ങിനെ പറഞ്ഞ് അദ്ദേഹത്തിന് ബ്രാഹ്മ ണത്വം നൽകി. ഇനി പുരുഷസൂക്തത്തിലും ഒരു ശ്രുതിയുണ്ട്. അതിന്റെയും

*ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ (യജുർവ്വേദം 30.3) ഞങ്ങളുടെ ദുരിതങ്ങളും ദുർവ്യസനങ്ങളും ഇല്ലാതാക്കി ഭദ്രമായവയെ ഞങ്ങൾക്ക് പ്രദാനം ചെയ്താലും*

*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലച്ചയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## *അദ്ധ്യായം 2*



**പാ**ച്ചൻ പടിക്കലേക്ക് നടന്നുനീങ്ങുമ്പോൾ അയാളുടെ ചിന്താഗ്രസ്തമായ മനസ്സ് വിണ്ടുവരണ്ടു കൊണ്ടിരുന്നു. മുണ്ടകം കൊയ്ത കണ്ടം പോലെ അമ്മയോട് വിടവാങ്ങാനാവത്തതിൽ കുണ്ഠിതമുണ്ടയാൾക്ക്. അമ്മ അമ്മാത്തായിരുന്നതിനാൽ യാത്ര പറഞ്ഞ് അനുഗ്രഹം വാങ്ങിപോകാനൊത്തില്ല. തന്റേതായി അയാൾക്ക് ഈ ലോകത്തിൽ പ്രത്യക്ഷമായുള്ളത് അമ്മ മാത്ര മാണ്.

'അമ്മേ പ്രത്യക്ഷ സ്നേഹമൂർത്തി! ഈ സ്വന്തം രക്തബിന്ദുവിന്റെ സാഹസത്തേ മാപ്പാക്കണെ'. അയാൾ കണ്ണും ചിമ്പി പ്രാർത്ഥിച്ച് വലം വെച്ച് നിലം തൊട്ട് വന്ദിച്ച് പടികടന്നു.

മദ്ധ്യാഹ്ന സൂര്യന്റെ തീക്ഷ്ണകിരണങ്ങൾ സിറിഞ്ചുകളെന്നോണം അയാളുടെ രോമകൂപങ്ങളിൽ തുളച്ചുകയറി. ഇല കൊഴിഞ്ഞ മരച്ചില്ലകൾ, എല്ലിൻക്ഷണങ്ങളാൽ തീർത്ത രേഖാഗണിത ചിത്രങ്ങളെ പോലെ കാണപ്പെട്ടു. ചൂടുകാറ്റിൽ കൊഴിഞ്ഞുവീണ കരിയിലകൾ കലപിലാരവം മുഴക്കികൊണ്ട് അലക്ഷ്യമായി പാറിപ്പറന്നു. ആന ഇടഞ്ഞോടിയ പൂരപ്പറമ്പു പോലെ.

"ബോംബേക്ക് പോകേണ്ടവഴി?..... മദ്രാസ് മെയിലിന് പോകണമെന്നല്ലേ പുറനാട്ടുകര പുത്തൻ വാരിയത്തെ രഘു ലീവിൽ വന്നപ്പോൾ പറഞ്ഞത്?" പാച്ചന്റെ ചിന്ത പുറനാട്ടുകരയിലേക്ക് തിരിഞ്ഞു. അയാളും ഇവിടെ തന്നെപ്പോലെ ആരോരുമില്ലാതെ നടക്കുകയായിരുന്നു. ഒരു ദിവസം കാണാതായി. ചാടിപ്പോയെന്നു കേട്ടതേയുള്ളു. പിന്നെ രണ്ടുമൂന്നു കൊല്ലങ്ങളോളം യാതൊരു വിവരവുമില്ലാതെ കഴിഞ്ഞു. അങ്ങിനെയിരിക്കെ അപ്രതീക്ഷിതമായി ഒരു ദിവസം ബൂട്ടും സൂട്ടും മറ്റുമായി ധ്വരയെന്നോണം വന്നുകയറിയതേ അറിഞ്ഞുള്ളു. ബോംബെയിൽ കോഹിന്നൂർ മില്ലിൽ ഉദ്യോഗം കിട്ടി, ഇപ്പോൾ നല്ല നിലയിലാണെന്നു കേട്ടു. പുറനാട്ടുകരയിൽ പോയി അയാളുടെ അഡ്രസ് സമ്പാദിക്കണം. പിന്നെ വഴി തെളിയും. പാച്ചൻ പുറനാട്ടുകര ലക്ഷ്യമാക്കി പുറപ്പെട്ടു.

***(തുടരും)***

***ഓം ആ നോ ഭദ്രാഃ കൃതവോ യന്തു വിശ്വതഃ (യജുർവ്വേദം 25.14)***
***ലോകത്തെല്ലായിടത്തുനിന്നുമുള്ള അറിവുകൾ ഞങ്ങളിലേക്ക് പ്രവഹിക്കട്ടെ***





എന്നിവയാണ് പ്രാമാണിക ഗ്രന്ഥങ്ങളായി അംഗീകരിക്കുന്നത്. വ്യാസന്റെ പേരിൽ ഇന്നറിയപ്പെടുന്ന പുരാണങ്ങൾ മിക്കതും വ്യാജവും വേദവിരുദ്ധഭാഗങ്ങൾ ഉൾക്കൊള്ളുന്നതുമാകയാൽ പ്രാമാണികങ്ങളല്ല.

3. മന്ത്രവാദം, ആഭിചാരം, കൈനോട്ടം, മഷിനോട്ടം, തകിടും ചരടും ജപിച്ചു കെട്ടൽ, മന്ത്രസിദ്ധികൊണ്ട് മാറാരോഗങ്ങളും മറ്റും മാറികിട്ടുമെന്നുള്ള വാദം, മദ്യവും മാംസവും ഉപയോഗിച്ചുള്ള ആരാധനാരീതികൾ എന്നിവ വേദവിരുദ്ധമായതിനാൽ അംഗീകരിക്കുന്നില്ല.

4. വേദാംഗമായ ജോതിഷശാസ്ത്രത്തെ അംഗീകരിക്കുന്നു. എന്നാൽ ഇന്നുകാണപ്പെടുന്ന ഫലജ്യോതിഷം ജാതകപൊരുത്തം നോക്കൽ, ചൊവ്വാദോഷം, കണ്ടകശ്ശനി തുടങ്ങിയവയെ വേദാനുകൂലമല്ലാത്തതിനാൽ തിരസ്കരിക്കുന്നു.

5. ജാതിവ്യവസ്ഥക്കുപകരം ഗുണകർമ്മാടിസ്ഥാനത്തിലുള്ള വർണ്ണവ്യവസ്ഥയെ അംഗീകരിക്കുന്നു.

6. പഞ്ചമഹായജ്ഞങ്ങൾ (സന്ധ്യാവന്ദനം, അഗ്നിഹോത്രം, പിതൃയജ്ഞം, അതിഥിയജ്ഞം, ബലിവൈശ്വദേവയജ്ഞം) സർവ്വമാനവരും നിത്യവുമനുഷ്ഠിക്കേണ്ടതാണ്.

7. സാത്വിക ജീവിതം, സസ്യഭക്ഷണം, പശുപരിപാലനം, പ്രകൃതി സംരക്ഷണം എന്നിവ ജീവിത വ്രതമായി കരുതുന്നു.

8. അനാഥരേയും അശരണരേയും സംരക്ഷിക്കുകയും സേവാപ്രവർത്തനങ്ങൾ നടത്തുകയും വൈദികധർമ്മത്തിന്റെ അവിഭാജ്യഭാഗമാണ്. മാതൃഭൂമിയുടെ സംരക്ഷണത്തിന് സർവ്വസ്വവും സമർപ്പിക്കാനും അത് ആഹ്വാനം നൽകുന്നു.


ഇവയെല്ലാമാണ് ആര്യസമാജം മുന്നോട്ട് വക്കുന്ന മുഖ്യആശയങ്ങൾ. സനാതന ധർമ്മത്തിന് അകത്തുനിന്നോ പുറത്തുനിന്നോ വെല്ലുവിളികൾ വരികയാണെങ്കിൽ മറ്റു സമാനചിന്താഗതിക്കാർക്കൊപ്പം അവയെ നേരിടാൻ ആര്യസമാജം എന്നും മുൻപന്തിയിലിണ്ടാവും. നിസ്സാമിനെതിരായ ഹൈദരാബാദ് പ്രക്ഷോഭത്തിലും 1921 ലെ മലബാർ ലഹളസമയത്തും വൈക്കം സത്യാഗ്രഹം പോലുള്ള സാമൂഹിക നവോത്ഥാനപ്രവർത്തനങ്ങൾക്കും ആര്യസമാജം നടത്തിയ സേവനങ്ങൾ സ്തുത്യർഹമാണെന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അത്തരം വേദപ്രചാരണ - നവോത്ഥാന പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടെ തുടർന്നും നമുക്ക് നടത്താനാവട്ടെ.

ഓം കൃണ്വന്തോ വിശ്വാമാര്യം (ഋഗ്വേദം 9.63.5)

**പത്രാധിപർ**

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ** *(യജു. 40 – 2)* **നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ധർമ്മ പാഠങ്ങൾ

## (വൈദികധർമ്മ പ്രശ്നോത്തരി)

*– പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി*

*തർജ്ജമ: കെ. എം. രാജൻ*

*പാഠം– 7*

## വൈദികധർമ്മത്തിലെ മുഖ്യ ശിക്ഷണങ്ങൾ

***ചോദ്യം:*** എല്ലാ ഗൃഹസ്ഥരും അവശ്യമനുഷ്ഠിക്കേണ്ടുന്ന പഞ്ചമഹായജ്ഞങ്ങൾ ഏതെല്ലാമാണ്?

***ഉത്തരം:*** പഞ്ചമഹായജ്ഞങ്ങൾ ഇവയാണ്. 1. ബ്രഹ്മയജ്ഞം, 2. ദേവയജ്ഞം, 3. പിതൃയജ്ഞം, 4. ബലിവൈശ്വദേവയജ്ഞം അഥവാ ഭൂതയജ്ഞം, 5. നൃയജ്ഞം അഥവാ അതിഥിയജ്ഞം. ഇവ ഗൃഹസ്ഥന്മാർ ദിനംപ്രതി അനുഷ്ഠിക്കണം. ബ്രഹ്മചാരികൾ ബ്രഹ്മയജ്ഞവും ദേവയജ്ഞവും നിശ്ചയമായും ദിനംപ്രതി ചെയ്യണം.

ചോദ്യം: ബ്രഹ്മയജ്ഞമെന്നു പറയുന്നത് എന്താണ്?

ഉത്തരം: സന്ധ്യാവന്ദനം, സ്വാദ്ധ്യായം എന്നിവയ്ക്കാണ് ബ്രഹ്മയജ്ഞമെന്നു പറയുന്നത്. വേദാദി സത്യശാസ്ത്രങ്ങളുടെ പഠനം, പാഠനം എന്നർത്ഥം. രാവിലെയും വൈകുന്നേരത്തും ബ്രഹ്മയജ്ഞം അഥവാ സന്ധ്യാവന്ദനം സ്ത്രീപുരുഷന്മാരെല്ലാവരും അനുഷ്ഠിക്കണം. ഇത്തരത്തിൽ ധാർമ്മികഗ്രന്ഥങ്ങളുടെ സ്വാദ്ധ്യായത്തിനായി കുറച്ചു സമയം നിത്യേന മാറ്റിവെയ്ക്കണം.

ചോദ്യം: ബ്രഹ്മയജ്ഞം കൊണ്ടുള്ള ഗുണമെന്താണ് ?

ഉത്തരം: ബ്രഹ്മയജ്ഞം അഥവാ സന്ധ്യ അനുഷ്ഠിക്കുന്നതുകൊണ്ട് മനസ്സ് ശാന്തവും പവിത്രവുമായിതീരുന്നു. ആത്മീയശക്തി വർദ്ധിക്കുന്നു. ഈശ്വരനിൽ പൂർണ്ണവിശ്വാസമർപ്പിച്ചിരിക്കുന്നതിലൂടെ കഠിനങ്ങളായ ആപത്തുകൾ വന്നാലും അത് നേരിടാനുള്ള സാമർത്ഥ്യമുണ്ടാവുന്നു. സ്വാദ്ധ്യായത്തിലൂടെ പവിത്രമായ ചിന്തകളാൽ മനസ്സ് സ്ഥിരമായിതീരുന്നു. ജീവിതത്തെ ശുദ്ധമാ

*മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ സാ നോ ഭൂമിർ വർദ്ധയദ് വർദ്ധമാനാ*
*(അഥർവ്വം. 12.1.12,13) ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്*
*ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റേയും ഉൽക്കർഷം*





ഭൂതി കൊണ്ടു മാത്രമെ ആ വിശപ്പിനെ ശമിപ്പിക്കാൻ സാധിക്കുകയുള്ളു. പ്രകൃതിയിൽ നിന്നും യാതൊരു സുഖമാണോ ലഭിക്കുന്നത് അതിൽ അൽപ്പാൽപ്പം ദുഃഖവും കലർന്നിരിക്കും. അതിസുഖം അവസാനം ദുഃഖത്തിന് കാരണമായി ഭവിക്കുന്നു. എന്നാൽ ആനന്ദത്തിൽ മുഴുകുന്ന ആത്മാവാകട്ടെ അതിൽ മുഴുകി കൊണ്ടേയിരിക്കുന്നു. ഈ ആനന്ദത്തിന്റെ വർണ്ണന നടത്താൻ ഒരു ഭാഷയ്ക്കും സാധ്യമല്ല. സുഖത്തിന്റെ വിപരീതം ദുഃഖം എന്ന പോലെ ആനന്ദത്തിനു വിപരീതമായി ഒരു ശബ്ദം ഇല്ല തന്നെ. ആത്മാക്കൾ ഈ ആനന്ദാനുഭൂതി മുൻജന്മങ്ങളിൽ അനുഭവിച്ചുട്ടുള്ളതിനാൽ വീണ്ടും വീണ്ടും അതിനായി അന്വേഷിച്ചുകൊണ്ടിരിക്കും. ലൗകിക സുഖങ്ങളിൽ അവ ഒരിക്കലും സന്തോഷിക്കപ്പെടുന്നില്ല. യാതൊന്നിനുവേണ്ടിയാണ് ആത്മാക്കൾ എല്ലാ ജന്മങ്ങളിലും അന്വേഷിച്ചു കൊണ്ടേയിരിക്കുന്നത് അത് ആനന്ദം–ആനന്ദം മാത്രം! ഈശ്വരന്റെ അടുത്ത് ആനന്ദത്തിന്റെ അനന്തമായ ഖജനാവുണ്ട്. പക്ഷെ അത് എങ്ങിനെ അദ്ദേഹത്തിൽ നിന്ന് നേടിയെടുക്കാം? മനുഷ്യജന്മത്തിന്റെ പ്രധാന ലക്ഷ്യം അതുതന്നെ.

ആരുടെ കൈവശമാണോ ഒരു പ്രത്യേകവസ്തു ഉള്ളത്, അയാളുമായി അടുത്ത ബന്ധമുള്ളവർക്ക് ആ വസ്തു ലഭിക്കുന്നതുപോലെ ഈശ്വരനുമായി സദാ സമ്പർക്കം പുലർത്തുന്നവർക്ക് ആ ആനന്ദം ലഭ്യമാകുന്നു. “സ്വര്യസ്യ ച കേവലമ്” (അഥർവ്വം 10.8.1). അഗ്നിയുടെ സമീപത്തിരിക്കുമ്പോൾ നമ്മുടെ ശരീരത്തിന് ചൂട് അനുഭവപ്പെടുന്നു. ഈശ്വരോപസാനയിലൂടെ അദ്ദേഹത്തിന്റെ കൈവശമുള്ള ആനന്ദത്തിന്റെ അനന്തമായ ഖജനാവു തന്നെയാണ് നമുക്ക് ലഭ്യമായി തീരുന്നത്. ജഢപ്രകൃതിയുമായുള്ള സമ്പർക്കം കൊണ്ട് അതിന്റെ ഗുണങ്ങളും ചേതനമായ ഈശ്വരസംസർഗ്ഗം കൊണ്ട് അതിന്റെ ഗുണ–കർമ്മ–സ്വഭാവങ്ങളും ലഭിക്കുന്നത് സ്വാഭാവികമാണ്. ആത്മാവ്, ഈശ്വരൻ ഇവ രണ്ടും ചേതനമാണ്. പക്ഷെ, ആത്മാവ് അല്പജ്ഞനും ഈശ്വരൻ സർവ്വജ്ഞനുമാണ്. ആത്മാവ് ആനന്ദരഹിതനാണ്. ഈശ്വരനാകട്ടെ സച്ചിദാനന്ദ സ്വരൂപനാണ്. “സ്വര്യസ്യ ച കേവലമ്” എന്ന വേദവാണിയും പറയുന്നു – ഈശ്വരനിൽ ആനന്ദമാണുള്ളത്. ആനന്ദം മാത്രം. യാതൊരാത്മാവാണോ ഈശ്വരനുമായി സംസർഗ്ഗത്തിൽ വരുന്നത്, ആ ആത്മാവും ആനന്ദം അനുഭവിക്കുന്നു. യോഗസാധനയിലൂടെ സമാധിയിലെത്തിയവരും ഈ ആനന്ദം അനുഭവിയ്ക്കുന്നു എന്നത് പ്രാമാണികമാണ്. ഋഷിമുനിമാരും ആപ്തപുരുഷന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നതും ആനന്ദം ഈശ്വരനിൽ മാത്രമെയുള്ളൂ എന്നാണ്. അദ്ദേഹം എല്ലാ സദ്ഗുണങ്ങളുടേയും, സദ്കർമ്മങ്ങളുടേയും സദ്ഭാവങ്ങളുടേയും ഭണ്ഡാരമാണ്. അതുകൊണ്ട് അദ്ദേഹവുമായുള്ള സമ്പർക്കം മൂലം ആനന്ദം ലഭ്യമാകുന്നു. മന്ദ്രഃ (ഋഗ്വേദം 4.9.3) എന്നാൽ ആനന്ദസ്വരൂപനാണ് എന്നാണ്.

*(തുടരും)*

*വയം രാഷ്ട്രേ ജാഗൃയാമ പുരോഹിതാഃ (യജുർവ്വേദം 9.23)*
*എല്ലാവർക്കും ഹിതകാരികളായ നമ്മൾ രാഷ്ട്രത്തെ നിരന്തരം ജാഗൃതരാക്കാം.*

വളർത്തുകയും അവർക്ക് നല്ല വിദ്യാഭ്യാസം നൽകുകയും ചെയ്തു വിദ്വാൻമാരാക്കുക. അങ്ങനെയുള്ള വേദജ്ഞയായ സ്ത്രീ പശുവിനെപോലെ ലോകത്തിന് എല്ലാ സുഖവും നൽകുന്നു.

41. ഓം ഗൗരീർമിമായ സലിലാനി തക്ഷത്യേകപദീ ദ്വിപദി സാ ചതുഷ്പദീ |
അഷ്ടാപദി നവപദി ബഭൂവുഷി സഹസ്രാക്ഷരാ പരമേ വ്യോമൻ ||

(1.164.41)

ഒരു വേദമോ രണ്ടുവേദമോ നാലുവേദമോ അല്ലെങ്കിൽ നാലുവേദത്തോടൊപ്പം നാലുപവേദങ്ങളോ അല്ലെങ്കിൽ നാലു വേദം, നാലുപവേദങ്ങൾ എന്നിവക്കൊപ്പം വ്യാകരണമുൾപ്പെടെ ഒമ്പത് തരം വിദ്യ അഭ്യസിച്ച മഹാജ്ഞാനിയായ സ്ത്രീ ഈ വേദജ്ഞാനം കൊണ്ടുതന്നെ സർവജഗത്തിലും നിറഞ്ഞിരിക്കുന്ന പരമാത്മാവിനെ അറിയാൻ കഴിവുള്ള പരമജ്ഞാനിയാകുന്നു. അവർ ജലം പോലെ നിർമ്മലമായ തന്റെ വാക്കുകളാൽ മനുഷ്യരുടെ അജ്ഞാനത്തെ നീക്കുകയും ലോകത്തിനു വളരെ സന്തോഷം നൽകുകയും ചെയ്യുന്നു.

*(തുടരും)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

## ? = സംശയ നിവാരിണി
### സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



***ചോദ്യം 15 : ഈശ്വരൻ ആനന്ദസ്വരൂപനാണെന്ന് എങ്ങനെ പറയാൻ സാധിക്കും? ആനന്ദാനുഭൂതി ആർക്കാണ് അനുഭവപ്പെടുന്നത്?***

***ഉത്തരം :*** ആത്മാവാണ് ആനന്ദാനുഭൂതി അനുഭവിക്കുന്നത്. ഇന്ദ്രിയങ്ങളിൽ നിന്ന് ലഭിക്കുന്ന തൃപ്തിയേ സുഖം എന്നാണ് പറയുന്നത് യാതൊന്നാണോ ഇന്ദ്രിയങ്ങൾക്ക് സുഖപ്രദമായിട്ടുള്ളത് അതിനെ സുഖം എന്നു വിളിക്കുന്നു. ആത്മാവിന് സുഖമായിട്ടുള്ളതിനെ ആനന്ദം എന്നു വിളിക്കുന്നു. സുഖം ശരീരത്തിനാണ് ലഭിക്കുന്നത്. ആനന്ദം ആത്മാവിന്റെ വിശപ്പാണ്. ആനന്ദത്തിന്റെ അനു

***Om Krinvantho Vishwamaaryam (Rigveda 9.63.5)***
***Make this world Enlightened.***





ക്കുവാനിത് സഹായിക്കുന്നു.

ചോദ്യം: ദേവയജ്ഞത്തിന്റെ അർത്ഥമെന്താണ് ?

ഉത്തരം: ദേവയജ്ഞത്തിന്റെ അർത്ഥം ഹോമം അഥവാ ഹവനമെന്നാണ്. ചന്ദനം, സുഗന്ധപുകയുണ്ടാകുന്ന പദാർത്ഥങ്ങൾ, കർപ്പൂരം എന്നിവ കൂട്ടികലർത്തിയ സാമഗ്രി നെയ്യിനോടൊപ്പം അഗ്നിയിൽ അർപ്പിക്കുന്നു. ഓരോ ഗൃഹത്തിലും ഇത്തരത്തിലുള്ള യജ്ഞങ്ങൾ നടക്കണം.

ചോദ്യം: ഹോമം ചെയ്യുന്നതുകൊണ്ടെന്താണ് ലാഭം? നെയ്യും മറ്റും എന്തിനാണിങ്ങനെ നശിപ്പിക്കുന്നത് ?

ഉത്തരം: ഹോമം ചെയ്യുന്നതുകൊണ്ട് വായു ശുദ്ധമായി തീരുന്നു. ജ്വലിക്കുന്ന അഗ്നിയിൽ സാമഗ്രി അർപ്പിക്കുന്നതിലൂടെ സുഗന്ധം എങ്ങുംവ്യാപിച്ച് ദുർഗന്ധത്തെ ദൂരെകളയുന്നു. രോഗാണുക്കളെ നശിപ്പിക്കാനുതകുന്ന നിരവധി പദാർത്ഥങ്ങൾ ഈ സാമഗ്രിയിലടങ്ങിയിട്ടുണ്ട്. ഇവ അഗ്നിയിൽ ജ്വലിക്കുന്നതിലൂടെ പരമാണുരൂപത്തിൽ വായുവിൽ വ്യാപിക്കുന്നു. ശ്വാസ-നിശ്വാസങ്ങളിലൂടെ നമ്മുടെ ശരീരത്തിനകത്തുള്ള വിഷം പരത്തുന്ന കൃമികളെ നശിപ്പിക്കുന്നു. അതിനാൽ ഹോമം ചെയ്യുന്നത് നെയ്യ് നഷ്ടപ്പെടുത്തുകയല്ലാ മറിച്ച് തന്റേയും മറ്റുള്ളവരുടേയും ഗുണമാണതിലുണ്ടാവുന്നത്. എല്ലാവീടുകളിലും പ്രതിദിനം രാവിലേയും വൈകുന്നേരവും ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള യജ്ഞം അനുഷ്ഠിക്കുകയാണെങ്കിൽ എല്ലാവരും ആരോഗ്യവാൻമാരും രോഗമില്ലാത്തവരുമായിതീരും. ബ്രഹ്മചാരിയും ഗൃഹനാഥനും വാനപ്രസ്ഥിയും യജ്ഞം തീർച്ചയായും ചെയ്യണം.

*(തുടരും)*

**ദയാനന്ദ സന്ദേശം വരിസംഖ്യ പുതുക്കുക**

ദയാനന്ദ സന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം:

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504.**

***ഹിരൺമയേനപാത്രേണ സത്യസ്യാപിഹിതം മുഖമ് (യജുർവ്വേദം 40.17)***
***സത്യത്തിന്റെ മുഖം സ്വർണ്ണമയമായ അടപ്പിനാൽ മൂടപ്പെട്ടിരിക്കുന്നു.***

www.aryavaidyasala.com

Kottakkal
ayurveda

കോട്ടയ്ക്കലിന്റെ
സാന്ത്വനസ്പർശം



ആയുർവേദം ആധികാരികമാർഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
ESTD 1902
കോട്ടയ്ക്കൽ-676 503

Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / info@aryavaidyasala.com

**Our Branch Clinics across the country**

**Ahmedabad**- 079 27489450, **Aluva** - 0484 2623549, **Bangalore** - 080 26572956, **Chennai** - 044 26411226, **Coimbatore** - 0422 2491594, **Ernakulam** - 0484, 2375674, **Kannur** - 0497 2761164, **Kolkata** - 033 24630661, **Kottakkal** - 0483 2743380, **Kottayam** - 0481 2574817, **Kozhikode** - 0495 2302666, **Kozhikode** - 0495 2720664, **Kozhikode** - 0495 2723450, **Madurai** - 0452 2623123, **Mangalore** - 0824 2443140, **Mumbai, Sion (E)** - 022 24075195, **Mumbai, Vashi** - 022-27814542, **Mysore** - 0821-2331062, **New Delhi** - 011 24621790, **Palakkad** - 0491 2502404, **Palakkad** - 0491 2527084, **Secunderabad** - 040 27722226, **Thiruvananthapuram** - 0471 2463439, **Thrissur** - 0487-2380950, **Tirur** - 0494 2422231

***Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 32-3)***
***There is no measure, no image of that GOD whose name is Great***





*(മുൻ ലക്കത്തിന്റെ തുടർച്ച)*




# അദ്ധ്യായം 3
# അസ്യവാമീയ സൂക്തം
*(ഋഗ്വേദം 1-164)*

## എല്ലാവരും വേദം പഠിക്കുക

**39.** ഓം ഋചോ അക്ഷരേ പരമേ വ്യോമൻയസ്മിൻ ദേവാ അധി വിശ്വേ നിഷേദുഃ।

യസ്തന്ന വേദ കിമൃചാ കരിഷ്യതി യ ഇത്തത് വിദുസ്ത ഇമേ സമാസതേ ॥

(1-164-39)

ഈ ലോകത്തിൽ പദാർത്ഥങ്ങൾ അതായത് വസ്തുക്കൾ, ജീവാത്മാക്കൾ, ഇവ രണ്ടിനെയും സൃഷ്ടിച്ച പരമാത്മാവ് എന്നീ മൂന്ന് തത്ത്വങ്ങൾ കാര്യകാരണരൂപമായി വർത്തിക്കുന്നു. വേദം പറയുന്ന ഈ വിഷയത്തേ അറിയുക. മനസ്സിലാക്കുക. എല്ലാ വസ്തുക്കളിലും പരമാത്മാവ് വ്യാപിച്ചിരിക്കുന്നു. അവയെല്ലാം പരമേശ്വരനിൽ സ്ഥിതിചെയ്യുന്നു. വേദാഭ്യാസം ചെയ്തിട്ടും ഈ തത്ത്വം ശരിക്കും അറിയുവാൻ കഴിവില്ലാത്തവർ വേദം പഠിച്ചിട്ടും പ്രയോജനമില്ല. ആരാണോ വേദജ്ഞാനം നേടി ജീവൻ-പ്രകൃതി രണ്ടിലും കാര്യകാരണരൂപമായി ഇരിക്കുന്ന ബ്രഹ്മത്തേയും അതിന്റെ ഗുണകർമ്മസ്വഭാവങ്ങളേയും പറ്റി ജ്ഞാനം ഉള്ളവനായി ഭവിക്കുന്നത് അവർ തന്നെയാണ് ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവകളിൽ എപ്പോഴും ലയിച്ച് കർമ്മനിരതരായിരിക്കുന്നത്.

## സ്ത്രീകളും വേദംപഠിക്കണം

40. അമ്മമാർക്ക് വേദജ്ഞാനമില്ലെങ്കിൽ അവരുടെ മക്കൾക്ക് ജ്ഞാനികളാവാൻ സാധിക്കുകയില്ല. വിദുഷികളായ സ്ത്രീകൾ സ്വയംവര രീതിയിൽ തനിക്ക് സമ്മതവും യോഗ്യനുമായ വരനെ വിവാഹം ചെയ്ത് മക്കളെ പെറ്റു

***Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa (Atharva Veda 3.30.3) Let not a brother hate his brother and let not a sister hate her sister***